LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ലാഭിക്കാനുള്ള പദ്ധതികൾ

43(2244) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വൈദ്യുതി ലാഭിക്കുന്നതിന്റെ ഭാഗമായി സി.എഫ്.എൽ. ലൈറ്റുകൾ സൗജന്യമായി നൽകിയിരുന്നത് ഗുണകരമായ നടപടി ആയിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ തുടർച്ചയെന്നോണം എൽ. ഇ. ഡി. ലൈറ്റുകൾ നാമമാത്ര വിലയ്ക്കോ സൗജന്യമായോ നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിവഴി കാര്യക്ഷമത കുറഞ്ഞ സാധാരണ ബൾബിന് പകരമായി കാര്യക്ഷമത കൂടിയ സി.എഫ്.എൽ. നൽകുന്നതിന് 'ബജറ്റ് ലാമ്പ് യോജന' എന്ന ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. ഇതിൻപ്രകാരം കേരളത്തിൽ ഏകദേശം 1.27 കോടി 60 വാട്ടിന്റെ സാധാരണ ബൾബ് മാറ്റി പകരം 14 വാട്ടിന്റെ സി.എഫ്.എൽ. നൽകിയതുവഴി 2400 MU യൂണിറ്റ് വൈദ്യുതി ലാഭമുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 2009-10 കാലയളവിൽ "ദശലക്ഷം സി.എഫ്.എൽ" പദ്ധതിയും 2010-11 കാലയളവിൽ 1.5 കോടി സി.എഫ്.എൽ. പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദശലക്ഷം സി.എഫ്.എൽ. പദ്ധതി നടപ്പിലാക്കിയതുവഴി പ്രതിദിനം 0.25 മില്യൺ യൂണിറ്റിന്റെ ഉപഭോഗ കുറവും 1.5 കോടി സി.എഫ്.എൽ. പദ്ധതി നടപ്പിലാക്കിയതുവഴി പീക്ക് ഡിമാന്റിൽ 300 മെഗാവാട്ടിന്റെ കുറവും കണക്കാക്കപ്പെട്ടിട്ടുണ്ട്.

(ബി) ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി അവസാനഘട്ടത്തിലാണ്.

വൈദ്യുതി സബ്സ്റ്റേഷനുകൾ

44(2245) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വൈദ്യുതി സബ്സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) എവിടെയൊക്കെയാണ് പ്രസ്തുത സബ്സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചത്;